**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 290** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഗോഡൗണുകളിൽ നിന്നും യഥാസമയം സാധനങ്ങൾ എത്തിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗോഡൗണുകളിൽ നിന്നും ലോറികളിൽ റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ എത്തിക്കുന്നതിൽ കരാറുകാർ വീഴ്ച വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കഴിഞ്ഞ ഏതാനും മാസങ്ങളായി NFSA ഗോഡൗണിൽ നിന്നും റേഷൻ കടകളിലേക്കുള്ള റേഷൻ ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം കരാറുകാരുടെ മെല്ലെപ്പോക്ക് നയം കാരണം വൈകിയാണ് നടക്കുന്നത്. എന്നാൽ ഇത് മൂലം റേഷൻ കാർഡ് ഉടമകൾക്ക് റേഷൻ മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |
| (ബി) | സിവിൽ സപ്ലൈസ് വകുപ്പ് ഗോഡൗണുകളിൽ നിന്നും ചരക്കുകൾ യഥാസമയം റേഷൻ കടകളിൽ എത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | NFSA ഗോഡൗണിൽ നിന്നും റേഷൻ കടകളിലേക്കുള്ള റേഷൻ ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം യഥാസമയം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരികയാണ്. ഇതുമായി ബന്ധപ്പെട്ട് ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശങ്ങൾ നൽകുകയും ആവശ്യമായ ഘട്ടങ്ങളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | NFSA ഗോഡൗണിൽ നിന്നും റേഷൻ കടകളിലേക്കുള്ള റേഷൻ ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം യഥാസമയം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരികയാണ്. ഇതുമായി ബന്ധപ്പെട്ട് ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശങ്ങൾ നൽകുകയും ആവശ്യമായ ഘട്ടങ്ങളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ